**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3423** **21.12.2012 ൽ മറുപടിയ്ക്ക്**

## കൃഷി അസിസ്റ്റന്റുമാരുടെ ജോബ് ചാർട്ട് നിർദ്ദേശിച്ചു കൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ കൃഷി ഭവനുകളിൽ ഏതെല്ലാം തസ്തികകളിലുള്ള ജീവനക്കാരാണ് ജോലി നോക്കുന്നതെന്ന് അറിയിക്കുമോ ; | (എ) സംസ്ഥാനത്തെ കൃഷി ഭവനുകളിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, പി.റ്റി.എസ്. എന്നീ തസ്തികകളിൽ ജീവനക്കാർ ജോലി നോക്കുന്നുണ്ട്. |
| (ബി) പ്രസ്തുത തസ്തികകളുടെയും ജോലി സംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) & (സി) കൃഷി അസിസ്റ്റന്റിന്റെ ജോബ് ചാർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. അനുബന്ധമായി ചേർക്കുന്നു. |
| (സി) കൃഷി അസിസ്റ്റന്റ്മാരുടെ ജോബ് ചാർട്ട് നിർദ്ദേശിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | |
| (ഡി) പ്രസ്തുത ഉത്തരവനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളിലും ജോലി വിഭജിച്ച് നൽകിയിട്ടുണ്ടോ ; | (ഡി) ജോലികൾ വിഭജിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) പ്രസ്തുത ഉത്തരവ് നടപ്പാക്കാനുള്ള ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; ഉത്തരവ് നടപ്പാക്കാൻ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ ? | (ഇ) പ്രസ്തുത ഉത്തരവ് നടപ്പാക്കാനുള്ള ചുമതല കൃഷി ഓഫീസർമാർക്കാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3424** **21.12.2012- ൽ മറുപടിക്ക്**

**കാസർഗോഡ് ജില്ലയിലെ വിവിധ കൃഷി ഓഫീസുകളിൽ നിലവിലുള്ള തസ്തികകളുടെ എണ്ണം.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ. ചന്ദ്രശേഖരൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ വിവിധ കൃഷി ഓഫീസുകളിൽ നിലവിലുള്ള തസ്തികകളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ; | (എ) കാസർഗോഡ് ജില്ലയിലെ വിവിധ കൃഷി ഓഫീസുകളിൽ നിലവിലുള്ള തസ്തികകളുടെ എണ്ണം താഴെ ചേർക്കുന്നു. |

| | | |
|---|---|---|
| കൃഷി ഓഫീസർ | - | 41 |
| കൃഷി ജോയിന്റ് ഡയറക്ടർ | - | 1 |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ | - | 7 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | - | 13 |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | - | 1 |
| അക്കൗണ്ട്സ് ഓഫീസർ | - | 1 |
| സീനിയർ സൂപ്രണ്ട് | - | 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | - | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ (കൃഷി) | - | 2 |
| ഓഫീസ് അറ്റൻഡന്റ് | - | 13 |
| വാച്ച്മാൻ | - | 2 |
| ട്രാക്ടർ ക്ലീനർ | - | 2 |
| പി.റ്റി.എസ്. | - | 31 |
| സയന്റിഫിക് അസിസ്റ്റന്റ് | - | 1 |
| ഡ്രൈവർ | - | 4 |
| ഗാർഡ്നർ-കം-ക്ലീനർ | - | 1 |

| | | |
|---|---|---|
| | മെക്കാനിക് | - 1 |
| | ഓവർസിയർ | - 1 |
| | വർക്ക് സൂപ്രണ്ട് | - 2 |
| | അഗ്രികൾച്ചർ അസിസ്റ്റന്റ് | - 111 |
| | ജൂനിയർ സൂപ്രണ്ട് | - 8 |
| | ടൈപ്പിസ്റ്റ് | - 9 |
| | ഫെയർകോപ്പി സൂപ്രണ്ട് | - 1 |
| | ക്ലാർക്ക് | - 45 |
| (ബി) ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) കൃഷി ഓഫീസർ | - 8 |
| | ഓവർസിയർ | - 1 |
| | ഫോർമാൻ | - 1 |
| | ട്രാക്ടർ ഡ്രൈവർ | - 4 |

കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകളുടെ വിവരം ശേഖരിച്ചു വരുന്നു.

(സി) ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത ഒഴിവുകൾ എന്നത്തേക്ക് നികത്തപ്പെടുമെന്നും അറിയിക്കുമോ?

(സി) ഓവർസിയർ, ഫോർമാൻ തസ്തികകൾ പ്രൊമോഷൻ തസ്തികകൾ ആയതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാക്ടർ ഡ്രൈവർ, കൃഷി ഓഫീസർ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ